# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## അഖിലലോക സൺഡേസ്കൂൾ ദിനം

### 2024 നവംബർ 3, ഞായർ

### ആരാധന ക്രമം

(മെത്രാപ്പോലീത്തയുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)

**ആരാധനാഹ്വാനം**

അതിരുകളില്ലാത്ത ദൈവസ്നേഹത്തെ ലോകത്തിന് പകരാൻ ഒരു ശിശുവായി ഈ ഭൂമിയിൽ പിറക്കുകയും, സ്നേഹത്തിന്റെ ചിറകുകളിൽ നമ്മെ വീണ്ടെടുക്കുകയും ചെയ്ത നമ്മുടെ രക്ഷകനെ നമ്മുക്ക് ആരാധിക്കാം. യേശു ഏറെ സ്നേഹിക്കുന്ന കുഞ്ഞുങ്ങളോട് ചേർന്ന് നമുക്കും ഈ ആരാധനയിൽ പങ്കുചേരാം.

**പാട്ട്**

**കൗമ്മാ**

**പ്രാരംഭ പ്രാർത്ഥന**

കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ദൈവമേ, ദൈവരാജ്യത്തിന്റെ സ്നേഹ വാഹകരായി നീ ഞങ്ങളെ തിരഞ്ഞെടുത്തതിനായി സ്തോത്രം. നീ സൃഷ്ടിച്ച മനുഷ്യരും മറ്റ് ജീവജാലങ്ങളും സർവ്വ ചരാചരങ്ങളും നിന്റെ സ്നേഹത്തെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുമ്പോൾ അവരോട് കൂടെ ഞങ്ങളും നിന്റെ മഹത്വമുള്ള നാമത്തെ ആരാധിക്കുന്നു. ഒരു ശിശുവായി ഭൂമിയിൽ പിറക്കുകയും, വാക്കുകൾ കൊണ്ടും, ജീവിതം കൊണ്ടും ഹൃദയങ്ങളെ സ്വാധീനിക്കുകയും അത്ഭുതകരമായ ജ്ഞാനത്താൽ സകലരുടെയും പ്രശംസ സമ്പാദിക്കുകയും ചെയ്ത നിന്റെ ഏകപുത്രന്റെ സ്നേഹത്തെ ഞങ്ങൾ ധ്യാനിക്കുന്നു. ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വരികയും സകല ജ്ഞാനത്തിലും വളർച്ചയിലും മാതൃക കാട്ടുകയും ചെയ്ത പുത്രനാം ദൈവമേ നിന്റെ വഴികളിൽ നടക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. സകല സത്യത്തെയും ഓർമ്മപ്പെടുത്തുകയും നടക്കേണ്ടുന്ന വഴി കാണിച്ച് തരികയും ചെയ്യുന്ന പരിശുദ്ധ റൂഹായെ ഞങ്ങൾ വന്ദിക്കുന്നു. ത്രിയേക ദൈവമേ, നിന്നെക്കുറിച്ചുള്ള അറിവിന്റെ തെളിമയിൽ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമേ. സകല ആരാധനയും പുകഴ്ചയും നിനക്ക് മാത്രം യോഗ്യമായിരിക്കുന്നു. *ആമേൻ.*

ലീ: നമ്മുടെ സഭയെ നയിക്കുന്ന ഡോ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്ക്കോപ്പാമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, സഭ ജനങ്ങൾ എന്നിവർക്കായും പ്രാർത്ഥിക്കാം....

ലീ: മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി, ജനറൽ സെക്രട്ടറി, ഔദ്യോഗിക ഭാരവാഹികൾ, ഓഫീസ് പ്രവർത്തകർ, മാനേജിങ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന, സെന്റർ പ്രവർത്തകർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കായി...

ലീ: സമാജം പ്രവർത്തനയിടങ്ങളായ കൊല്ലം ആശ്രയ, വയനാട് സുഗന്ധ ഗിരി, ചരൽക്കുന്ന് ക്രിസ്ത്യൻ എഡ്യുക്കേഷൻ സെന്റർ എന്നിവയ്ക്കായും സൺഡേ സ്കൂളിന്റെ ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും..

ലീ: യേശുവിന്റെ നാമത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ. *ആമേൻ*

**സമർപ്പണ പ്രാർത്ഥന**

സ്നേഹവാനായ ദൈവമേ, നിന്റെ സ്നേഹം മൂലം നിന്റെ മക്കളായ ഞങ്ങളെ വീണ്ടെടുത്ത് ഈ രക്ഷയുടെ പങ്കുകാരാക്കിയല്ലോ. നാഥാ നിന്റെ സ്നേഹത്തെ ലോകത്തിൽ പകരുവാനും, അനുദിനം അതിൽ വളരുവാനും ഞങ്ങളെ സഹായിക്കേണമേ. നീ സൃഷ്ടിച്ച ഈ ലോകത്തെ സുന്ദരമായി കാത്ത് സൂക്ഷിക്കുവാനും, അവയിൽ നിന്റെ സാക്ഷികളായി ജീവിക്കുവാനുമുള്ള നിയോഗം ഫലകരമായി നിറവേറ്റുവാൻ സഹായിക്കേണമേ. നിന്റെ ഇഷ്ടം ചെയ്യുവാൻ ഞങ്ങളുടെ കരങ്ങളെയും, നീ കണ്ടത് പോലെ ലോകത്തെ കാണുവാൻ ഞങ്ങളുടെ കണ്ണുകളെയും, നിന്റെ സ്നേഹത്തിന്റെ വാഹകരാകുവാൻ ഞങ്ങളുടെ ഹൃദയങ്ങളെയും സമ്പൂർണ്ണമായി സമർപ്പിക്കുന്നു. നിന്റെ ഇഷ്ടം ഈ ഭൂമിയിൽ നിറവേറ്റുന്ന സമാധാനത്തിന്റെയും നീതിയുടെയും ഉപകരണങ്ങളാക്കി ഞങ്ങളെ തീർക്കണമേ. *ആമേൻ.*

*************

**അനുതാപ പ്രാർത്ഥന**

*അനുതാപ ഹൃദയത്തോടെ നമുക്ക് പ്രാർത്ഥിക്കാം.*

ഇത് കുറവുകളെ ഏറ്റുപറയുന്നതിനുള്ള സമയമാണ്. നമ്മുടെ പാപങ്ങളെ ക്ഷമിച്ച് നമ്മെ വീണ്ടെടുക്കുന്ന ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. '*കാരുണ്യവാനായ ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ*' എന്ന് പ്രതി വാക്യമായി പറയാം.

ലീഡർ: നാഥാ, ആഴമായ നിന്റെ സ്നേഹം അനുദിനം അറിഞ്ഞിട്ടും നിന്നെക്കുറിച്ചുള്ള അറിവിൽ വളരുന്നതിന് ശ്രമിക്കാതെ പോയ കുറവു കളെ ഞങ്ങൾ ഏറ്റുപറയുന്നു. സൺഡേസ്കൂൾ പഠനത്തിന് ഞങ്ങളുടെ ജീവിതത്തിൽവേണ്ട പ്രാധാന്യം നൽകാതെ പോയ കുറവിനെ...

പ്രതിവാക്യം: *കാരുണ്യവാനായ ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.*

ലീ: കാരുണ്യവാനായ ദൈവമേ, നീ സുവിശേഷിച്ച ദൈവരാജ്യത്തിന്റെ മാനവിക ദർശനങ്ങളെ അറിഞ്ഞിട്ടും മറ്റുള്ളവരെ ഉൾക്കൊള്ളുവാൻ കഴി യാതെ അകറ്റി നിർത്തിയ കുറവുകളെ ഞങ്ങൾ ഏറ്റുപറയുന്നു. മറ്റുള്ള വരെ സ്നേഹിക്കാതെയും, അവരുടെ കുറവുകളിൽ അവരെ പരിഹസിച്ചും പലരെയും വേദനിപ്പിച്ച ഞങ്ങളുടെ കുറവിനെ...

പ്രതി : *കാരുണ്യവാനായ ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.*

ലീ: ദൈവരാജ്യത്തിന്റെ അവകാശികളായ കുഞ്ഞുങ്ങൾക്ക് ദൈവീക മൂ ല്യങ്ങൾ പങ്കിടുന്ന ക്രിസ്തീയ വിദ്യാഭ്യാസം എന്ന വലിയ ഉത്തരവാദിത ്വത്തെ ഏറ്റെടുത്തിട്ടും അത് പൂർണ്ണ ഗൗരവത്തിൽ ചെയ്യാൻ കഴിയാതെ പോയ കുറവുകളെ ഞങ്ങൾ ഏറ്റുപറയുന്നു. ആരാധനയും, കുടുംബപ്രാ ർഥനയും മറ്റ് കൂട്ടായ്മകളും ഗൗരവമായി എടുക്കാതെ ഞങ്ങൾ കാട്ടുന്ന നിസംഗതയെ...

പ്രതി : *കാരുണ്യവാനായ ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.*

**സ്തോത്ര പ്രാർത്ഥന**

പട്ടക്കാരൻ: 'എൻ മനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവാന്തരംഗ വുമേ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങളൊന്നും മറക്കരുത്'. (സങ്കീ.103: 1, 2).

നമുക്ക് സ്തോത്രം ചെയ്യാം. ഓരോ പ്രാർത്ഥനയ്ക്കും ശേഷം ഞങ്ങൾ നിനക്ക് സ്തോത്രം ചെയുന്നു എന്ന് പ്രതിവാക്യമായി പറയണം.

ലീ: സ്രഷ്ടാവായ ദൈവമേ, മനോഹരമായ ഈ ലോകത്ത് ജനിക്കുവാനും വളരുവാനും നീ നൽകിയ അവസരത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ദൈവത്തിന്റെ ലോകത്തിൽ ദൈവജനമായിരുന്ന് നിന്നെ ആരാധിപ്പാൻ നീ നൽകുന്ന എല്ലാ മുഖാന്തിരങ്ങൾക്കായി നാഥാ...

പ്രതിവാക്യം: *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.*

ലീ: ഞങ്ങളുടെ രക്ഷകനായ ദൈവമേ നിന്നെക്കുറിച്ചുള്ള അറിവിൽ വളരുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന സൺഡേസ്കൂൾ പ്രസ്ഥാനത്തി നായും അധ്യാപകർക്കായും പ്രവർത്തകർക്കായും ദൈവമേ...

പ്രതി : *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.*

ലീ: ഞങ്ങളെ സൃഷ്ടിക്കുകയും വഴിനടത്തുകയും ചെയ്യുന്ന ദൈവമേ, ഞങ്ങ ൾ അനുഭവിക്കുന്ന സകലവും നിന്റെ ദാനമാകയാൽ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഭക്ഷണവും, വെള്ളവും, വസ്ത്രവും പാർപ്പിടവും മാതാ പിതാക്കളെയും സഹോദരങ്ങളെയും, സ്നേഹിതരെയും ഞങ്ങൾക്ക് തന്നതിനായി ദൈവമേ...

പ്രതി : *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.*

**മധ്യസ്ഥ പ്രാർത്ഥന**

പട്ടക്കാരൻ: 'യഹോവ എന്റെ പ്രാർത്ഥനയും യാചനയും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേക്കു ചായി ച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും'.

ലീഡർ: ഓരോ പ്രാർത്ഥനയ്ക്കും ശേഷം മൗനമായി പ്രാർത്ഥിക്കാം..

ലീ: അനാഥരായ കുഞ്ഞുങ്ങൾ, ദുരന്തമുഖത്ത് സ്കൂളും, വീടും, മണ്ണും ബന്ധുകളെയും നഷ്ടമായ കുഞ്ഞുങ്ങൾ, ഭക്ഷണമില്ലാതെ പട്ടിണികിടക്കു ന്ന കുഞ്ഞുങ്ങൾ എന്നിവർക്കായി...

ലീ: രോഗികളായ കുഞ്ഞുങ്ങൾ, പഠിക്കുന്നതിന് ബുദ്ധിമുട്ടുള്ള കുഞ്ഞു ങ്ങൾ, ശാരീരികവും മാനസികവുമായ പരിമിതിയുള്ള കുഞ്ഞുങ്ങൾക്കായി..

ലീ: സ്വന്തം ദേശം നഷ്ടപ്പെട്ട് അഭയാർഥികളായി പലായനം ചെയ്യേണ്ടി വരുന്ന കുഞ്ഞുങ്ങൾക്കായി....

ലീ: കുടുംബം പുലർത്താൻ വേലയെടുക്കേണ്ടിവരുന്ന കുഞ്ഞുങ്ങൾക്കായി...

ലീ: അറിവ് പങ്കിടുന്ന വിദ്യാലയങ്ങൾക്കായി, ക്രിസ്തു വിശ്വാസത്തിലും സ്നേഹത്തിലും വളരുവാൻ സഹായിക്കുന്ന സൺഡേസ്കൂളുകൾക്കായി

ലീ: പീഡനത്തിനും ചൂഷണത്തിനും വിധേയരാകുന്നവർ, അനാഥരാക്കപ്പെടു ന്നവർ, മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം മൂലം ജീവിത്തിന്റെ വെളിച്ചം നഷ്ട്ടപെട്ടവരുടെ സൗഖ്യത്തിനായി...